# സർക്കാർ നടത്തുന്ന കരിഞ്ചന്തകൾ

**ക**ഴിഞ്ഞ കുറെക്കാലമായി മാറിമാറിവരുന്ന സർക്കാരുകൾ പിന്തുടർന്നുപോരുന്ന പുത്തൻ സാമ്പത്തികനയത്തിന്റെ ഭാഗമായി സർക്കാർ കുത്തകയാക്കി വച്ചിരുന്ന പല മേഖലകളും സ്വകാര്യമേഖലക്കു വിട്ടുകൊടുത്തുകൊണ്ടിരിക്കയാണല്ലോ. സ്വകാര്യമേഖലയുടെ കുത്തകയെന്ന് ഇതുവരെ വിശേഷിപ്പിക്കപ്പെട്ടിരുന്ന ഒരിടത്തേക്ക് ഇതാ ഇപ്പോൾ സർക്കാരും സർക്കാർ വക സ്ഥാപനങ്ങളും കടന്നുചെന്നിരിക്കുന്നു. ഇതിന്റെ തെളിവാണ് സർക്കാർ പ്രോത്സാഹനത്താൽ തുടങ്ങിവച്ച വിവിധതരം കരിഞ്ചന്തകൾ.

പാചകവാതക വിതരണത്തിന് 'തത്ക്കാൽ' എന്ന ഓമനപ്പേരിൽ ഒരു പദ്ധതി തുടങ്ങിക്കൊണ്ടാണ് കേന്ദ്ര സർക്കാർ ഇതിനു തുടക്കമിട്ടത്. 1990 മുതൽ പാചകവാതക കണക്ഷന് പേര് രജിസ്റ്റർ ചെയ്ത് ലക്ഷക്കണക്കിനാളുകൾ കാത്തുനിൽക്കവേയാണ് പൊതുമേഖലാ ഓയിൽ കമ്പനികൾ പണമുള്ളവർക്കായി തത്ക്കാൽ പദ്ധതി തുടങ്ങിവച്ചത്. ഇത്തരത്തിൽ കാത്തുനിൽക്കുന്നവർക്ക് വാതക കണക്ഷൻ എന്നു നല്കും എന്നുപോലും വ്യക്തമാക്കപ്പെടാതെയാണ് പദ്ധതി തുടങ്ങിവച്ചത്. തത്ക്കാൽ പദ്ധതിയിൽ കണക്ഷൻ നല്കാൻ പ്രത്യേക അലോട്ട്മെന്റ് ഇല്ലെന്നും ഇതു വാതകം ബുക്ക് ചെയ്തു കാത്തിരിക്കുന്നവർക്ക് അനുവദിച്ചിട്ടുള്ള ക്വാട്ടയിൽ നിന്നുമാണ് നല്കുന്നതെന്നും അന്നേ ആരോപണമുയർന്നിരുന്നു. സാധാരണനിലയിൽ ബുക്ക് ചെയ്ത് കണക്ഷനെടുക്കുന്നവർക്ക് ബാധകമാക്കിയിട്ടുള്ള ഒരു നിയമവും തത്ക്കാലുകാർക്ക് ബാധകമാക്കിയില്ല എന്നതും ശ്രദ്ധേയമാണ്. ഇതിന്റെ ഫലമായി പാചകവാതക കണക്ഷനുള്ളവർതന്നെ പിന്നെയും കണക്ഷനെടുത്ത സംഭവങ്ങൾ ധാരാളമാണ്. സർക്കാർ നിശ്ചയിച്ച ഭീമമായ തുക നല്കാൻ കഴിവില്ല എന്ന ഒറ്റക്കാരണത്താൽ ബഹുഭൂരിപക്ഷത്തിനും കണക്ഷൻ നല്കിയില്ല. ഈ സൗകര്യമുപയോഗിച്ച് കരിഞ്ചന്തയിൽ സിലിണ്ടർ കിട്ടിയവർ, വലിയൊരു തുക സബ്സിഡിയായി അനുവദിക്കപ്പെട്ട സിലിണ്ടറുകൾ കാറുകൾക്കും മറ്റും ഘടിപ്പിച്ച് പിന്നെയും ലാഭമുണ്ടാക്കി. ഈ ദുരുപയോഗം തടയാൻ ഓയിൽ കമ്പനികൾക്ക് ഒരു പദ്ധതിയുമില്ല.

കേന്ദ്രസർക്കാർ ഇത്തരത്തിലൊരു പദ്ധതിക്കു തുടക്കമിട്ടപ്പോൾ നാമും പിന്നിലാകരുതല്ലോ. നമുക്കും വേറൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. സംസ്ഥാന വൈദ്യുതി ബോർഡിൽ റാപ്പിഡ് ഇലക്ട്രിക് കണക്ഷൻ എന്ന പേരിട്ടുകൊണ്ട് വൈദ്യുതി കരിഞ്ചന്തക്ക് നമ്മുടെ സർക്കാരും തുടക്കമിട്ടു. പവർകട്ട്, ആവശ്യത്തിനു സാധനമില്ലായ്മ തുടങ്ങി ജനറൽ ഒ.വൈ.ഇ.സി. വിഭാഗത്തിൽ കണക്ഷനായി കാത്തുനില്ക്കുന്നവരോട് പറഞ്ഞിരുന്ന ന്യായങ്ങളൊന്നും റാപ്പിഡുകാർക്ക് ബാധകമായില്ല. പത്തോ, പതിനയ്യായിരമോ നല്കിയാൽ ഇരുപത്തിനാലു മണിക്കൂറിനകം കണക്ഷൻ ഉറപ്പ്. മുൻഗണനാക്രമത്തിൽ പൈസ അടച്ച ഒ.വൈ.ഇ.സി.ക്കാരടക്കമുള്ളവർ ഇപ്പോഴും ക്യൂവിൽ നീണ്ട കാത്തിരിപ്പ് തുടരുന്നു.

തത്ക്കാൽ പദ്ധതിയിലൂടെ കരിഞ്ചന്തയുടെ അനന്തസാധ്യതകൾ കണ്ടെത്തിയ കേന്ദ്രസർക്കാർ പ്രതീക്ഷിച്ചതുപോലെതന്നെ ഇതു മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കുകയാണ്. റെയിൽവേ ടിക്കറ്റ് ബുക്കിംഗിന്റെ കാര്യത്തിൽ മറ്റൊരു തത്ക്കാൽ പദ്ധതി നടപ്പിൽ വന്നുകഴിഞ്ഞു. മണിക്കൂറുകളോളം ക്യൂവിൽ നിൽക്കണ്ട; റെയിൽവേ നിശ്ചയിച്ച അധികചാർജ് നല്കുക, ടിക്കറ്റ് ഉറപ്പ്.

ആവശ്യത്തിനു കമ്പാർട്ടുമെന്റുകളോ ഉള്ളവയിൽ സൗകര്യമോ നല്കാനാവാത്ത റെയിൽവേ, എന്തിനു സമയത്തിനു തീവണ്ടി ഓടിക്കപോലും ചെയ്യാതെ യാത്രക്കാരെ നട്ടം തിരിക്കുമ്പോൾ തത്ക്കാൽക്കാർക്ക് പ്രത്യേക സൗജന്യം ചെയ്തുകൊടുക്കുന്നു. മണിക്കൂറുകൾ ക്യൂവിൽ നിന്നു ടിക്കറ്റ് കിട്ടാതെ മടങ്ങുന്ന ആയിരങ്ങളുടെ കാര്യം പരിഗണിക്കപോലും ചെയ്യാതിരിക്കുമ്പോഴാണ് ഇത്തരത്തിൽ ടിക്കറ്റ് വില്പന നടത്തുന്നത്. ഇതിന്റെ പേരും കരിഞ്ചന്തയെന്നല്ലേ. ടിക്കറ്റ് കിട്ടാതെ വരുമ്പോൾ യാത്രക്കാർ അനധികൃത ഏജന്റുമാരെ സമീപിച്ച് അധികവിലയ്ക്കു ടിക്കറ്റ് വാങ്ങാറില്ലേ. പിന്നെന്തുകൊണ്ട് ഇതു റെയിൽവേയ്ക്കു നല്കിക്കൂടാ എന്നാണ് ഇതേപ്പറ്റി

ആരാഞ്ഞ ഈയവസരത്തിൽ ഒരുന്നത റെയിൽവേ ഉദ്യോഗസ്ഥൻ പ്രതികരിച്ചത്. കരിഞ്ചന്ത തടയാനായി റെയിൽവേ തന്നെ കരിഞ്ചന്ത തുടങ്ങിയെന്നർഥം. (അനധികൃത ഏജന്റുമാർ ഉണ്ടെന്നും അവർ ടിക്കറ്റ് മറിച്ചു വില്ക്കുന്നുണ്ടെന്നും ആ ഉദ്യോഗസ്ഥന് അറിയാമെന്നത് ആശ്വാസകരം).

തീർച്ചയായും ഇതു കൂടുതൽ മേഖലയിലേക്കു വ്യാപിക്കുമെന്നു കരുതേണ്ടിയിരിക്കുന്നു. റേഷൻകടകൾ, ആശുപത്രികൾ, വാഹനങ്ങൾ തുടങ്ങിയ സർക്കാർ മേഖലയിൽ ഇവ പ്രതീക്ഷിക്കാം. സർക്കാരിന്റെ ചുവടുപിടിച്ച് സ്വകാര്യ മേഖലയും അവരുടേതായ രീതിയിൽ ഇതു തുടരും. അങ്ങനെ കരിഞ്ചന്തയ്ക്കു പുതിയ മാനം കൈവരും. ചില സർക്കാരോഫീസുകളിൽ കൈക്കൂലിയെന്ന പേരിൽ തത്ക്കാലുകളുടെ മറ്റൊരു രൂപം നടപ്പിലായിക്കഴിഞ്ഞിട്ടുണ്ടല്ലോ. ഇതിനു നിയമപരമായ പിൻബലം നല്കുകയേ വേണ്ടൂ. അതു നമുക്ക് ഉടനെ പ്രതീക്ഷിക്കാം. പിന്നെ സാധാരണക്കാരന്റെ കാര്യം. അവനെ ആർക്കു വേണം. വോട്ട് ചെയ്യാനല്ലാതെ.


**വി.കെ.അശോക്‌കുമാർ**
(തൃശൂർ ജില്ലാ സംഘാടക സെക്രട്ടറി)
കേരള ഉപഭോക്തൃ സംരക്ഷണ സമിതി